II. ചരമോപചാരം

കേരള നിയമസഭാംഗങ്ങളായിരുന്ന പി. ഗോപാലൻ, കോളാടി ഗോവിന്ദൻകുട്ടി മേനോൻ, ലോക്സഭാംഗമായിരുന്ന ബി. കെ. നായർ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗമായ പി. ഗോപാലൻ, മുൻ ലോകസഭാംഗം ബി. കെ. നായർ എന്നിവർ അടുത്തയിടെ നിര്യാതരായി. ഇന്നലെയാണ് മുൻ നിയമ സഭാംഗം കോളാടി ഗോവിന്ദൻകുട്ടി മേനോൻ നമ്മെ വിട്ടുപിരിഞ്ഞത്.

പി. ഗോപാലൻ: ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ വൈക്കം സത്യാഗ്രഹ സമരകാലത്ത് പിടിയരിപ്പിരിവിന് നേതൃത്വം നൽകിക്കൊണ്ടാണ് പി. ഗോപാലൻ പൊതു പ്രവർത്തനം ആരംഭിച്ചത്. 1944-ൽ ശ്രീചിത്ര സ്റ്റേറ്റ് കൗൺസിലിൽ അദ്ദേഹം അംഗമായി. 1948-52 കാലയളവിൽ തിരു-കൊച്ചി നിയമസഭയിൽ വൈക്കം മണ്ഡല ത്തിന്റെ പ്രതിനിധിയായിരുന്നു. അറുപത് വർഷക്കാലം വൈക്കം ബാറിലെ പ്രമുഖ അഭിഭാഷകനായിരുന്ന ഗോപാലൻ എസ്.എൻ.ഡി.പി. വൈക്കം യൂണിയൻ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളെയാണ് ഗോപാലന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

കോളാടി ഗോവിന്ദൻകുട്ടി മേനോൻ: പ്രശസ്ത എഴുത്തുകാരനും മുൻ നിയമ സഭാംഗവുമായ കോളാടി ഗോവിന്ദൻകുട്ടി മേനോൻ ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാക്കളിൽ ഒരാളായിരുന്നു. പാലക്കാട് വിക്ടോറിയ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ്, മദ്രാസ് ലോ കോളേജ് എന്നിവിടങ്ങളിൽ പഠിക്കുമ്പോൾതന്നെ രാഷ്ട്രീയത്തിലും കലാസാംസ്കാരിക പ്രവർത്തനങ്ങളിലും പങ്കെടുത്തിരുന്ന അദ്ദേഹം 1942-ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ അണിചേർന്നുകൊണ്ടാണ് പൊതുരംഗത്തേക്ക് കടന്നുവന്നത്. പിൽക്കാലത്ത് സ്റ്റുഡൻസ് ഫെഡറേഷൻ ഭാരവാഹിയായ കോളാടി 1957-ൽ ഒന്നാം കേരള നിയമസഭയിൽ അംഗമായി. അന്നത്തെ അണ്ടത്തോട് നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. 1964 മുതൽ അദ്ദേഹം സി.പി.ഐ. സ്റ്റേറ്റ് കൗൺസിൽ അംഗമായിരുന്നു. ശക്തമായ ഒരു തൂലികയുടെ ഉടമയായിരുന്ന കോളാടി കേരള സാഹിത്യ അക്കാഡമി അംഗം, കേരള കലാമണ്ഡലം ഭരണ സമിതിയംഗം എന്നീ പദവികളും വഹിച്ചിട്ടുണ്ട്. അഭിഭാഷകനെന്ന നിലയിലും അദ്ദേഹത്തിനു ശോഭിക്കാൻ കഴിഞ്ഞു. കോളാടി ഗോവിന്ദൻകുട്ടി മേനോന്റെ നിര്യാണം രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങൾക്ക് അനൽപമായ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

ബി. കെ. നായർ: മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഉയർന്ന നിലയിൽ ബിരുദവും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദവും നേടിയ ബി. കെ. നായർ കുറച്ചുകാലം അദ്ധ്യാപകനായും പത്രപ്രവർത്തകനായും ജോലിനോക്കി. വാർദ്ധാ ആശ്രമത്തിലെ അന്തേവാസിയായ അദ്ദേഹത്തിന് സ്വാതന്ത്ര്യ സമരത്തിൽ സജീവമായി

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാനും ദേശീയ നേതാക്കളോടൊപ്പം പ്രവർത്തിക്കാനും കഴിഞ്ഞു. കുറച്ചു കാലം അദ്ദേഹം സർദാർ വല്ലഭായി പട്ടേലിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. കേരളത്തിൽ ഐ.എൻ.ടി.യു.സി.-ക്ക് ബീജാവാപം ചെയ്ത നായർ ആ സംഘടനയുടെ സ്ഥാപക പ്രസിഡന്റും അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയുമായി. തോട്ടം തൊഴിലാളികൾക്ക് സംഘടനാ സ്വാതന്ത്ര്യവും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും നേടിയെടുക്കുന്നതിനായി അദ്ദേഹം സന്ധിയില്ലാതെ സമരം ചെയ്തു. 1977-ൽ മാവേലിക്കര നിന്നും 1980-ൽ കൊല്ലത്തുനിന്നും അദ്ദേഹം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തിരക്കുള്ള പാർലമെന്റേറിയനായിരിക്കുമ്പോഴും ട്രേഡ് യൂണിയൻ രംഗത്തോടുള്ള തന്റെ പ്രതിബദ്ധത അദ്ദേഹം കാത്തുസൂക്ഷിച്ചു. തൊണ്ണൂറുകളുടെ മദ്ധ്യംവരെ പ്രവർത്തന നിരതനായിരുന്നു അദ്ദേഹം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തലമുതിർന്ന തൊഴിലാളി നേതാക്കളിൽ ഒരാളെയാണ് ബി. കെ. നായരുടെ നിര്യാണത്തോടെ നഷ്ടമായിരിക്കുന്നത്.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) മീൻവല്ലം ജലവൈദ്യുത പദ്ധതിയുടെ നിർവ്വഹണത്തിന് വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരന്റി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, പാലക്കാട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തതാണ് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി. അതിന്റെ നിർമ്മാണത്തിനാവശ്യമായ തുക വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകണമെന്നുള്ള ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി ഒരു തദ്ദേശ സ്വയംഭരണ സമിതി ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി. ഭാരതപ്പുഴയുടെ പോഷകനദികളിലൊന്നായ തൂപ്പനാട് നദിയിൽ കരിമ്പ ഗ്രാമപഞ്ചായത്തിലെ മീൻവല്ലം വെള്ളച്ചാട്ടത്തിനടുത്താണ് പാലക്കാട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി ഈ പദ്ധതി സ്ഥാപിക്കുന്നത്. 3 മെഗാവാട്ട് പ്രവർത്തന ശേഷിയുള്ള ഈ പദ്ധതിയിൽനിന്ന് പ്രതിവർഷം 85 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ആകെ ചെലവ് 912 ലക്ഷം രൂപയാണ്. നിർമ്മാണ കാലയളവിലെ പലിശകൂടി കണക്കാക്കിയാൽ ആകെ 992 ലക്ഷം രൂപ വേണ്ടിവരും. ഇതിൽ 250 ലക്ഷം രൂപ ഓഹരി മൂലധനമായും ബാക്കിയുള്ള 742 ലക്ഷം രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും സ്വരൂപിക്കാനാണ് ഉദ്ദേശം. ഓഹരി ഇനത്തിൽ ജില്ലാ പഞ്ചായത്ത് 183.88 ലക്ഷം രൂപയും, നാല് ബ്ലോക്ക് പഞ്ചായത്തുകളും 12 ഗ്രാമപഞ്ചായത്തുകളും ഒരു ലക്ഷം രൂപ വീതവും ആയി ആകെ 199.88 ലക്ഷം രൂപയും ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly